# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദുമ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ കെഎസ്ഡി 8/591/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദുമ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെഎസ്ഡി 8/591/2021 തീയ്യതി: 28/09/2021

## കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഹരി വേണുഗോപാലൻ കെ.വി, ഓഡിറ്റർ
ശ്രീമതി ബിന്ദു വി വി, ഓഡിറ്റർ
ശ്രീ രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ വിനോദ്കുമാർ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ വിനീത് കുമാർ കെ പി, ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| കെ.എ.മുഹമ്മദാലി | പ്രസിഡന്റ് | | |
| അഷറഫ്.എൻ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ദേവദാസ്.പി | സെക്രട്ടറി | 25-04-2019 | 24-07-2019 |
| എം.ബാബു | സെക്രട്ടറി | 24-07-2019 | 07-08-2019 |
| ഡി.എൻ.പ്രമോദ് | സെക്രട്ടറി | 08-08-2019 | 09-12-2019 |
| രാജൻ.പി | സെക്രട്ടറി | 10-12-2019 | 31-01-2020 |
| ടി.പി.വേണുഗോപാൽ | സെക്രട്ടറി | 01-02-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രിയ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| വേണുഗോപാൽ | കൃഷിഓഫീസർ | 01-04-2019 | 23-12-2019 |
| ബിന്ദു.പി | കൃഷിഓഫീസർ | 24-12-2019 | 31-03-2020 |
| ഷജിൻ.കെ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| സുഗുണകുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 27-08-2019 | 31-03-2020 |
| ജ്യോതി.എൻ.പി | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ് | മെഡിക്കൽഓഫീസർ-PHC | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ് സക്കീർ അലി | മെഡിക്കൽഫീസർ-GHD | 01-04-2019 | 04-09-2019 |
| ഡോ.ശ്രീജ.പി.പി | മെഡിക്കൽഫീസർ-GHD | 05-09-2019 | 31-03-2020 |
| ഡോ.സന്ധ്യ | മെഡിക്കൽഓഫീസർ-ആയുർവേദം | 01-04-2019 | 20-08-2019 |
| ഡോ.ജയ.ജി | മെഡിക്കൽഓഫീസർ-ആയുർവേദം | 21-08-2019 | 31-03-2020 |
| സുകുമാരൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ശിവനായ്ക്ക് | വെറ്ററിനറി സർജൻ | 01-04-2019 | 14-08-2019 |

| | | | |
|---|---|---|---|
| ഡോ.മഞ്ജപ്പ | വെറ്റിനറി സർജൻ | 15-08-2019 | 30-08-2019 |
| ഡോ.സൂര്യനാരായണഭട്ട് | വെറ്റിനറി സർജൻ | 31-08-2019 | 31-03-2020 |
| ഹനീഫ.പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| അഷ്റഫ്.എൻ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 16-07-2019 |
| അബ്ദുള്ള ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2019 | 27-08-2019 |
| ടി.പി.വേണുഗോപാൽ | അസിസ്റ്റന്റ് സെക്രട്ടറി | 16-09-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന-നിരീക്ഷണങ്ങൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2 |
| 3 | ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകകളുടെ കണക്കിൽ മൈനസ് തുകകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-1 |
| 4 | വികസന ഫണ്ടിന്റെ കണക്കിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-2 |
| 5 | വികസന ഫണ്ട് (എസ്.സി.പി) ഇനത്തിലെ കണക്കിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-3 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയതിന് രേഖകൾ ഇല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-4 |
| 7 | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക കണക്കിൽ പെടുത്തിയിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-5 |
| 8 | സംയുക്ത പദ്ധതികളുടെ കണക്കിൽ അവ്യക്തത<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-6 |
| 9 | തൊഴിലുറപ്പ് പദ്ധതിയുടെ കണക്കിൽ അപാകത<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-7 |
| 10 | ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ അപാകത<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-8 |
| 11 | ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം കണക്കിൽ പെടുത്തിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-9 |
| 12 | ബാദ്ധ്യതാ തുക പുനപരിശോധിക്കേണ്ടതാണ്.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-10 |
| 13 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-2-11 |
| 14 | സാമ്പത്തികനില<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 22-09-2021) | 1-3 |
| 15 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-4 |

| | | |
|---|---|---|
| 16 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 13-09-2021) | 1-5 |
| 17 | തൊഴിലുറപ്പുപദ്ധതി<br>Written By: Vineeth Kumar K.P (Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-6 |
| 18 | ക്ഷേമപദ്ധതികൾ<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 17-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 17-08-2021) | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 13-09-2021) | 1-10 |
| 22 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-11 |
| 23 | വസ്തു നികുതി കുടിശ്ശിക - പൊരുത്തക്കേടുകൾ<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-12 |
| 24 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-13 |
| 25 | പെൺകുട്ടികൾക്ക് തൈയ് കോൺഡോ പരിശീലനം പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-14 |
| 26 | കേരളാ സാമൂഹിക സുരക്ഷാമിഷന് വിഹിതം നൽകൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-15 |
| 27 | വരൾച്ചാ ദുരിതാശ്വാസം-കുടിവെള്ള വിതരണം നടത്തിയത്<br>Written By: Raghunadhan. K (Asst. Audit Officer, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-16 |
| 28 | നെൽകൃഷി വികസന പദ്ധതി- ഫീൽഡ് പരിശോധനാറിപ്പോർട്ട് സൂക്ഷിക്കുന്നില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-17 |
| 29 | എ).ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു.<br>Written By: Vineeth Kumar K.P (Audit Officer, On 21-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-18 |
| 30 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി വാഹന വാടക - അംഗീകരിച്ചതിലും അധിക നിരക്ക് അനുവദിച്ചു നഷ്ടം.<br>Written By: Hari Venugopalan K V (Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-19 |
| 31 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-09-2021) | 1-20 |
| 32 | പ്രവൃത്തികളുടെ നിർവഹണത്തിലെ കാലതാമസം- പിഴ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് തനതു വരുമാനമാക്കി മാറ്റി | 1-21 |

| | | |
|---|---|---|
| | Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-09-2021) | |
| 33 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-22 |
| 34 | തനതു ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ റിക്കവറി തുകകൾ അടച്ചതിന് രേഖകൾ ഇല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-23 |
| 35 | ഗുണഭോക്താക്കൾക്ക് അർഹിക്കുന്ന ആനുകൂല്യം അനുവദിക്കുന്നില്ല<br>Written By: Bindu.V.V (Auditor, On 23-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 1-24 |
| | **ഭാഗം 2** | |
| 1 | ടെണ്ടർ ചെയ്ത പ്രവൃത്തികൾ- കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 24-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 2-1 |
| | **ഭാഗം 3** | |
| 1 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി വാഹന വാടക - അംഗീകരിച്ചതിലും അധിക നിരക്കിൽ വാഹന വാടക അനുവദിച്ചു നഷ്ടം<br>Written By: Vineeth Kumar K.P (Audit Officer, On 25-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hari Venugopalan K V (Auditor, On 11-09-2021)<br>Last Updated By: Hari Venugopalan K V (Auditor, On 11-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-08-2021) | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-08-2021) | 4-7 |
| 8 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-08-2021) | |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 25-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 25-08-2021)<br>Last Updated By: Hari Venugopalan K V (Auditor, On 26-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1 തീയതി 13.2.2019 | 1/1തീയതി 30-03-2020 |
| മുന്നിരിപ്പ് | 14761167 | 48630467 |
| വരവ് | 175836383 | 159009226 |
| ആകെ | 190597550 | 207639693 |
| ചെലവ് | 180269573 | 168973354 |
| നീക്കിയിരിപ്പ് | 10327977 | 38666339 |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- നിരീക്ഷണങ്ങൾ

ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകകളുടെ കണക്കിൽ മൈനസ് തുകകൾ

31.03.2020 ലെ ബാലൻസ് ഷീറ്റിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകളുടെ പട്ടികയിൽ 431190102 - Receivables For Profession Tax-Institutions / Professionals / Traders (Arrear) എന്ന കണക്കിൽ (-) 9,388/- രൂപയാണ് ഉള്ളത്. ഈയിനത്തിൽ മൈനസ് തുകകൾ വരാൻ പാടില്ലാത്തതാണ്.

അതു പോലെത്തന്നെ 43140105 - Receivables Towards Market Receipts (Current) എന്ന കണക്കിൽ (-) 6,050/- രൂപയാണ് കാണുന്നത്. ഈയിനത്തിലും മൈനസ് തുകകൾ വരാൻ പാടില്ലാത്തതാണ്.

### 1-2-2 വികസന ഫണ്ടിന്റെ കണക്കിൽ പിശക്

വികസന ഫണ്ട് (ജനറൽ ) വിഭാഗത്തിൽ 2019-20 വർഷത്തെ ആകെ ചെലവ് 1,87,39,097/- രൂപയാണ്. എന്നാൽ 160100101 – വികസന ഫണ്ട് ജനറൽ എന്ന വരുമാനക്കണക്കിൽ 1,82,03,760/- രൂപയും 312100101 - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിൽ വികസന ഫണ്ടിൽ നിന്നും 5,51,733/- രൂപയുമടക്കം 1,87,55,493/- രൂപയുടെ കണക്കാണ് ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്.

### 1-2-3 വികസന ഫണ്ട് (എസ്.സി.പി) ഇനത്തിലെ കണക്കിൽ പിശക്

വികസന ഫണ്ട് (എസ്.സി.പി.) യിനത്തിലെ ആകെ ചെലവ് (സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 14,706/- രൂപയടക്കം) 15,28,269/- രൂപയാണ്. എന്നാൽ 160100102 - വികസന ഫണ്ട് എസ്.സി.പി. എന്ന വരുമാനക്കണക്കിൽ 15,13,563/- രൂപ മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ ഉള്ളത് (ഈയിനത്തിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇല്ല).

### 1-2-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയതിന് രേഖകൾ ഇല്ല.

312100101 - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് വികസന ഫണ്ട് ജനറലിൽ നിന്നും 5,51,733/- രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 15,86,013/- രൂപയും മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും 7,61,625/- രൂപയും തൻ വർഷം മാറ്റിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെ വിവരങ്ങൾ ഇല്ല.

### 1-2-5 സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക കണക്കിൽ പെടുത്തിയിട്ടില്ല

ജനറൽ പർപ്പസ് ഫണ്ടിനത്തിൽ സ്രോതസ്സിൽ നിന്നും വാട്ടർ അതോറിറ്റിക്കുള്ള കുടിശ്ശിക തുകയിനത്തിൽ കുറവ് ചെയ്ത 4,056/- രൂപയടക്കം തൻവർഷം 1,63,34,817/- രൂപ വരുമാനം ഉണ്ട്. എന്നാൽ 16010501 - ജനറൽ പർപ്പസ് ഫണ്ട് എന്ന വരുമാനക്കണക്കിൽ 1,63,30,761/- രൂപ മാത്രമേ വരുമാനം ചേർത്തിട്ടുള്ളൂ.

1-2-6 സംയുക്ത പദ്ധതികളുടെ കണക്കിൽ അവ്യക്തത

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച കോൺട്രിബ്യൂഷന്റെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് എന്നീ രേഖകളിൽ വ്യത്യസ്തമായി രേഖപ്പെടുത്തിക്കാണുന്നു. ഇതിന്റെ കാരണങ്ങൾ വ്യക്തമല്ല.

| | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് | സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് |
|---|---|---|---|
| 16030101 - Contributions Towards Joint Venture Projects - District Panchayat | 18,77,516 | 18,77,516 | 19,07,516 |
| 16030101 - Contributions Towards Joint Venture Projects - Block Panchayat | 48,68,070 | 44,01,730 | 46,01,730 |

കൂടാതെ, 320700204 - Contributions For Joint Venture Projects ( Revenue Expenditure) From Block Panchayat എന്ന കണക്കിൽ 31.03.2020 ലെ 41900357 എന്ന ജേർണൽ മുഖേന 4,66,340/- രൂപ വരുമാനക്കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതൊക്കെ പ്രോജക്ടുകളുടെ ചെലവ് തുകയാണ് എന്നതിന് രേഖകൾ ഇല്ല.

1-2-7 തൊഴിലുറപ്പ് പദ്ധതിയുടെ കണക്കിൽ അപാകത

ഹെഡ് 160100601 ൽ തൊഴിലുറപ്പ് പദ്ധതി എന്ന വരുമാനക്കണക്കിൽ 2019-20 വർഷം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ തുക എന്ന കണക്കിൽ 31.03.2020 ലെ 4190220 എന്ന ജേർണലിലൂടെ 2,03,36,559/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 31.03.2020 ലെ എഫ്.ടി.ഒ. സമ്മറി പ്രകാരം ആകെ 2,08,83,746/- രൂപയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മാറിയത്.

1-2-8 ഗുണഭോക്തൃ വിഹിതത്തിന്റെ കണക്കിൽ അപാകത

ഹെഡ് 320800101 -ൽ Beneficairy Contributions എന്ന കണക്കിൽ 2019-20 വർഷം 12,48,112/- രൂപ വരവ് വന്നിട്ടുണ്ട്. അതിൽ നിന്നും പ്രോജക്ട് നം. 21, 22, 23, 41 എന്നിവയിൽ ചെലവായ ഗുണഭോക്തൃ വിഹിതം എന്ന നാരേഷനോടു കൂടി 11,45,442/- രൂപ 31.03.2020 ലെ 41900354 എന്ന ജേർണലിലൂടെ 160300206 – Beneficiary Contribution എന്ന വരുമാനക്കണക്കിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ 2019-20 ലെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ട് നം. 21, 22, 23, 41 എന്നിവയ്ക്ക് ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം ചുവടെ ചേർത്ത പ്രകാരം 11,71,500 രൂപയാണ്.

| പ്രോജക്റ്റ് | ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം |
|---|---|
| 21/20 | 5,00,000 |
| 22/20 | 5,00,000 |
| 23/20 | 1,10,000 |
| 41/20 | 61,500 |
| ആകെ | 11,71,500 |

**1-2-9 ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത ഗുണഭോക്തൃ വിഹിതം കണക്കിൽ പെടുത്തിയിട്ടില്ല.**

2019 -20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്തൃ വിഹിതം എന്ന കണക്കിൽ നിർവഹണ ഉദ്യോഗസ്ഥന്മാർ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് പഞ്ചായത്തിൽ അടച്ചതിന്റെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഉദ്പാദന മേഖലയിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മിക്ക പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. ഈ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകളുടെ മൊത്തം ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരുന്നു.

**1-2-10 ബാദ്ധ്യതാ തുക പുനപരിശോധിക്കേണ്ടതാണ്.**

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 350400701 - Refunds Payable - Deposit Works എന്ന ഹെഡിൽ 1,45,333/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ഈ തുക 04.12.2015 ന് "Unutilised Amount Refund Fro KWA-Kundolampara, Mukkunnoth, Malamkunnu, Kadambanchal" എന്ന വിശേഷണത്തോടു കൂടി രേഖപ്പെടുത്തിയ തുകയാണ്. ഈ തുക ബാദ്ധ്യതാ ഹെഡിൽ രേഖപ്പെടുത്തിയതിന്റെയും നിലവിലും ബാദ്ധ്യതാ ഹെഡിൽ നില നിർത്തുന്നതിന്റെയും കാരണങ്ങൾ വ്യക്തമല്ല.

**1-2-11 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്**

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശകുണ്ട്. 01.04.2019 ലെ ക്യാഷ് / ബാങ്ക് നീക്കിയിരിപ്പും 31.03.2020 ലെ ക്യാഷ് /ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 67,48,857/- രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ പട്ടിക പ്രകാരം Operating Activities, Investing Activities, Financing Activities എന്നിവ വഴി ക്യാഷിൽ 91,50,961/- രൂപയുടെ വർദ്ധന വന്നതായാണ് കാണിച്ചിട്ടുള്ളത്.

**1-3 സാമ്പത്തികനില**

| | |
|---|---|
| മുന്നിരിപ്പ് | 42016879 |
| വരവ് | 124328669 |
| ആകെ | 166345548 |
| ചെലവ് | 117579812 |
| നീക്കിയിരിപ്പ് | 48765736 |

**1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം**

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ | ചെലവ് |
|---|---|---|---|---|---|---|

| | | | | | ലാപ്സായ തുക | % | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 1,95,31,400 | 1,95,31,400 | 1,87,39,097 | 7,92,303 | 96 | ഈ ചെലവു തുക കൂടാതെ 7 ബില്ലുകളിലായി 7,88,003 രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് എസ്.സി.പി. | 0 | 32,73,000 | 32,73,000 | 15,28,269 | 17,44,731 | 47 | ഈ ചെലവു തുക കൂടാതെ 2 ബില്ലുകളിലായി 3,92,250 രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1,94,000 | 1,94,000 | 40,000 | 1,54,000 | 21 | - |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,33,29,286 | 1,33,29,286 | 52,22,169 | 81,07,117 | 39 | ഈ ചെലവു തുക കൂടാതെ 3 ബില്ലുകളിലായി 10,30,982 രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. |
| മെയിന്റ നൻസ് ഫണ്ട്- റോഡ് | 0 | 1,18,89,000 | 1,18,89,000 | 23,41,042 | 95,47,958 | 20 | ഈ ചെലവു തുക കൂടാതെ 17 ബില്ലുകളിലായി 56,15,802 രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. |
| മെയിന്റ നൻസ് ഫണ്ട്- നോൺ റോഡ് | 0 | 57,95,000 | 57,95,000 | 35,54,362 | 22,40,638 | 61 | ഈ ചെലവു തുക കൂടാതെ 3 ബില്ലുകളിലായി 15,71,978 രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. |
| ആകെ | | 5,40,11,686 | 5,40,11,686 | 3,14,24,939 | 2,25,86,747 | | |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹7,68,086 (ജനറൽ) , ₹14,706 (എസ്.സി.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )

ബി) ഫണ്ട് വിനിയോഗം- രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,79,71,011 | 1,79,71,011 | 1,79,71,011 | 0 |
| വികസനഫണ്ട് | 0 | 15,13,563 | 15,13,563 | 15,13,563 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി. | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 40,000 | 40,000 | 40,000 | 0 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 23,41,042 | 23,41,042 | 23,41,042 | 0 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 35,54,362 | 35,54,362 | 35,54,362 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 52,22,169 | 52,22,169 | 52,22,169 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹധനസഹായം | 0 | 3,30,000 | 3,30,000 | 3,30,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 5,11,000 | 5,11,000 | 5,11,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 6,68,057 | 44,01,730 | 50,69,787 | 48,69,787 | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 9,46,831 | 18,77,516 | 28,24,347 | 27,24,347 | 1,00,000 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 13,903 | 2,13,92,118 | 2,14,06,021 | 2,09,50,135 | 4,55,886 |
| ടി.എസ്.സി. (ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ) | 15,325 | 1,92,000 | 2,07,325 | 0 | 2,07,325 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 12,95,286 | 9,68,340 | 22,63,626 | 5,00,000 | 17,63,626 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 45,430 | 2,456 | 47,886 | - | 47,886 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 7,26,862 | - | 7,26,862 | | 7,26,862 |
| സമ്പൂർണ ശുചിത്വം | 28,73,173 | | 28,73,173 | | 28,73,173 |
| മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ-ലൈഫ് വായ്പ തുടങ്ങിയവ | 15,70,867 | 47,30,000 | 63,00,867 | 55,86,039 | 7,14,828 |
| മറ്റിനങ്ങൾ | | | | | |
| ക്ഷേമ പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുക | 0 | 2,51,98,300 | 2,51,98,300 | 2,51,98,300 | 0 |

*കുറിപ്പ് : 1) മേൽ വിവരിച്ച വരവു ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 1,63,34,817 രൂപ വരവുണ്ട്. (വാട്ടർ ചാർജ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 4,056 രൂപ അടക്കം)

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 2,03,36,560 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അടക്കമുള്ള വരവു ചെലവുകളാണ് മേൽ പട്ടികയിൽ ഉള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 108515354 | 64 | 55089717 | 100 | 16 | 35.5% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13902.53 | 1055557.86 | 1069460.39 | 613574 | 455886.39 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20336559 | 20336559 | 20336559 | 0 |
| ആകെ | 13902.53 | 21392116.86 | 21406019.39 | 20950133 | 455886.39 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1705800 | 185 |
| വിധവാപെൻഷൻ | 11002800 | 1908 |
| വാർദ്ധക്യകാല പെൻഷൻ | 9033000 | 1719 |
| വികലാംഗപെൻഷൻ | 9760600 | 405 |
| വിവാഹധനസഹായം | 330000 | 11 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 699600 | 128 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-08-2021 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 14,037/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾടൈം സ്വീപ്പർ | 2 |
| 9 | പാർട്-ടൈം പോണ്ട് കീപ്പർ | 1 |
| 10 | ഡ്രൈവർ | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഭരണസമിതി യോഗം

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 26 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട് .

കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting)-

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. ( 30.05.2019, 4.06.2019, 11.07.2019, 26.07.2019, 27.9.2019, 23.11.2019, 13.12.2019, 22.01.2020, 05.03.2020 ) ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി ജീവനക്കാരുടെ യോഗം വിലയിരുത്താറുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.03.2021 | 10/2020 മുതൽ 2/2021 വരെ | 29.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല. | ഇല്ല. | ഇല്ല. |

## 1-11 തൊഴിൽ നികുതി - അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) <u>തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.</u>

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | റജീന ഒളിയന്റകത്ത് (ലാബ് അസിസ്റ്റന്റ്) | ഗവ. ഫിഷറീസ് എച്ച്.എസ്. എസ്., ബേക്കൽ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം | 1,35,600/- | 1,000/- | 1,250/- | 2x250 = 500/- |
| 2 | ശശിരേഖ എൻ (യു.പി.എസ്.എ) | ജി.എച്ച്. എസ്.എസ് ഉദ്ദമ | 2019-20 ഒന്നാം അർദ്ധ വർഷം | 1,81,440/- | 750/- | 1,250/- | 500/- |
| 3 | ഈശ്വര പ്രസാദ് (ടി.ജി.ടി) | ഗ്രീൻവുഡ് പബ്ലിക് സ്കൂൾ ബേക്കൽ | 2019-20 ഒന്നാം അർദ്ധ വർഷം | 1,80,800/- | 1,000/- | 1,250/- | 250/- |
| 4 | സന്ദീപ് സിങ്പാൽ (ഡ്യൂട്ടി മാനേജർ) | ഖന്ന ഹോട്ടൽസ് പ്രൈ. ലിമിറ്റഡ് | 2019-20 ഒന്നാം അർദ്ധ വർഷം | 1,98,374/- | 180/- | 1,250/- | 1,070/- |
| 5 | സുജിത്ത് വി (അസി. മാനേജർ -ഫിനാൻസ്) | ഖന്ന ഹോട്ടൽസ് പ്രൈ. ലിമിറ്റഡ് | 2019-20 ഒന്നാം അർദ്ധ വർഷം | 2,45,979/- | 600/- | 1,250/- | 650/- |
| ആകെ | | | | | | | 2,970/- |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുവന്ന തുക മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) <u>സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.</u>

2019-20 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | റോക്ക് ലാന്റ് ഫ്യുവൽസ്, ഉദുമ | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ശിവപ്രിയ ഫ്യുവൽസ്, തൃക്കണ്ണാട് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ഐശ്വര്യ ഓഡിറ്റോറിയം, പാലക്കുന്ന് | 2019-20 രണ്ടാം അർദ്ധവർഷം |
| 4 | മാഷ് ഓഡിറ്റോറിയം, പാലക്കുന്ന് | 2019-20 രണ്ടാം അർദ്ധവർഷം |
| 5 | സംഗമം ഓഡിറ്റോറിയം, പാലക്കുന്ന് | 2019-20 രണ്ടാം അർദ്ധവർഷം |
| 6 | അംബിക ഓഡിറ്റോറിയം, പാലക്കുന്ന് | 2019-20 രണ്ടാം അർദ്ധവർഷം |
| 7 | എരോൽ പാലസ് ഓഡിറ്റോറിയം, ഉദുമ | 2019-20 രണ്ടാം അർദ്ധവർഷം |
| 8 | സാഗർ ഓഡിറ്റോറിയം, പാലക്കുന്ന് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 9 | പാലക്കുന്ന് പോളി ക്ലിനിക്ക്, പാലക്കുന്ന് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 10 | റോയൽ ഡെന്റൽ ക്ലിനിക്ക്, പാലക്കുന്ന് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 11 | കേസീസ് ഡെന്റൽ ക്ലിനിക്ക്, ഉദുമ | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 12 | ചന്ദ്രഗിരി ഡെന്റൽ ക്ലിനിക്ക്, ഉദുമ | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 13 | ശുശ്രുത മെഡിക്കൽ സെന്റർ, പള്ളം | 2019-20 രണ്ടാം അർദ്ധവർഷം |
| 14 | അമൃത ഹോസ്പിറ്റൽ, ഉദുമ | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 15 | ലളിത് റിസോർട്ട്, ഉദുമ | 2019-20 രണ്ടാം അർദ്ധവർഷം |
| 16 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി, പാലക്കുന്ന് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 17 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഉദുമ ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഉദുമ ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 2 | റോയൽ ഡെന്റൽ ക്ലിനിക്ക്, പാലക്കുന്ന് | 2019-20 ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ശുശ്രുത മെഡിക്കൽ സെന്റർ, പള്ളം | 2019-20 രണ്ടാം അർദ്ധവർഷം |
| 4 | ലളിത് റിസോർട്ട്, ഉദുമ | 2019-20 രണ്ടാം അർദ്ധവർഷം |
| 5 | നൂറുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 2019-20 രണ്ടാം അർദ്ധവർഷം |
| 6 | അംബിക ആർട്സ് കോളേജ്, പാലക്കുന്ന് | 2019-20 രണ്ടാം അർദ്ധവർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | അബൂബക്കർ എ. (ഓഫീസ് അറ്റന്റന്റ്) | സബ് രജിസ്ട്രാർ ഓഫീസ്, ഉദുമ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | മുഹമ്മദ് കെ. (പാർട്ട് | സബ് രജിസ്ട്രാർ ഓഫീസ്, | 2019-20 ഒന്നും രണ്ടും |

| | | | |
|---|---|---|---|
| | ടൈം സ്വീപ്പർ) | ഉദുമ | അർദ്ധ വർഷം |
| 3 | ദയാനന്ദ എൻ. (ക്ലാർക്ക്) | കാനറ ബാങ്ക്, ഉദുമ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | അനിത എം. (എച്ച്. എസ്. എ.) | ഗവ. ഫിഷറീസ് എച്ച്.എസ്.എസ്. ബേക്കൽ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | സുനിത എൻ.കെ. (ഓഫീസ് അറ്റന്റന്റ്) | ഗവ. ഫിഷറീസ് എച്ച്.എസ്. എസ്. ബേക്കൽ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | സീതാരാമ എ.കെ. (ഫുൾ ടൈം സ്വീപ്പർ) | പഞ്ചായത്ത് കാര്യാലയം, ഉദുമ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ / വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 14/16.08.2021).

## 1-12 വസ്തു നികുതി കുടിശ്ശിക - പൊരുത്തക്കേടുകൾ

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന തനതു നികുതി വരവിനമായ വസ്തു നികുതിയുടെ കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ ഉണ്ട്. 31.03.2020 തീയ്യതിയിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 15 പ്രകാരം വസ്തു നികുതി ഇനത്തിൽ 22,55,795/- രൂപ കുടിശ്ശികയുണ്ട്. ആയതിന്റെ വാർഡ് തിരിച്ചുള്ള വിവരം ലഭ്യമാക്കുന്നതിന് 13.08.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വിവിധ വാർഡുകളിലായി വസ്തു നികുതി ഇനത്തിൽ കുടിശ്ശികയായ തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കുടിശ്ശിക |
|---|---|
| 1 | 19,498/- |
| 2 | 31,273/- |
| 3 | 1,03,563/- |
| 4 | 26,213/- |
| 5 | 47,495/- |
| 6 | 41,326/- |
| 7 | 35,973/- |
| 8 | 46,215/- |
| 9 | 78,481/- |
| 10 | 10,375/- |
| 11 | 10,429/- |
| 12 | 30,786/- |
| 13 | 34,638/- |
| 14 | 0 |
| 15 | 0 |
| 16 | 41,106/- |
| | |

| | |
|---|---|
| 17 | 1,17,422/- |
| 18 | 71,359/- |
| 19 | 5,156/- |
| 20 | 8,168/- |
| 21 | 84,344/- |
| ആകെ | 8,43,820/- |

ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശികയായ തുകയും സഞ്ചയ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദീകരണം ആവശ്യമാണ്. ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള 22,55,795/- രൂപ കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കേണ്ടതും ആയത് പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത.

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരംതിരിച്ച് സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, ലൈസൻസ് നം | രസീത് നം, തീയ്യതി | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | എ. കുഞ്ഞിക്കണ്ണൻ, 07/2019-20 | 118040110861, 11.03.2019 | 5,00,000/- | 200/- | 500/- | 300/- |
| 2 | ഡോ. മുഹമ്മദ് ഡി. എം., 24/2019-20 | 118040101161, 13.05.2019 | 3,00,000/- | 200/- | 400/- | 200/- |
| 3 | മാങ്ങാട് അബ്ദുൾ മുനീർ, 55/2019-20 | 118040109652, 16.02.2019 | 10,00,000/- | 400/- | 500/- | 100/- |
| 4 | അബ്ദുള്ള കുഞ്ഞി പി. എം., 84/2019-20 | 118040109830, 20.02.2019 | 6,00,000/- | 300/- | 500/- | 200/- |
| 5 | കെ. എം. യൂസഫ്, | 118040109848, | 5,00,000/- | 300/- | 500/- | 200/- |

| | | | | | | |
|---|---|---|---|---|---|---|
| | 99/2019-20 | 20.02.2019 | | | | |
| 6 | മുഹമ്മദ് സാഹിദ്, 124/2019-20 | 118040109904, 20.02.2019 | 15,00,000/- | 400/- | 1,000/- | 600/- |
| 7 | എ. എച്ച്. ഹസ്സൈനാർ, 126/2019-20 | 118040109872, 20.02.2019 | 5,00,000/- | 300/- | 500/- | 200/- |
| 8 | ഹരീഷ് കെ., 135/2019-20 | 118040109884, 20.02.2019 | 4,00,000/- | 300/- | 500/- | 200/- |
| 9 | പ്രസന്ന ഹരിഹരൻ, 137/2019-20 | 118040109891, 20.02.2019 | 4,00,000/- | 200/- | 500/- | 300/- |
| 10 | ഗുരുദത്ത് എച്ച്. എൻ., 220/2019-20 | 118040110068, 22.02.2019 | 4,00,000/- | 300/- | 500/- | 200/- |
| 11 | അഹമ്മദ് റിയാസ് കെ. എ., 227/2019-20 | 118040110095, 22.02.2019 | 4,00,000/- | 300/- | 500/- | 200/- |
| 12 | മധുസൂദനൻ കെ, 234/2019-20 | 118040110120, 23.02.2019 | 4,00,000/- | 200/- | 500/- | 300/- |
| 13 | കെ. പി. നാരായണൻ, 245/2019-20 | 118040110193, 25.02.2019 | 2,50,000/- | 200/- | 400/- | 200/- |
| 14 | എം മൊയ്ദീൻ കുഞ്ഞി, 250/2019-20 | 118040110229, 25.02.2019 | 2,00,000/- | 100/- | 300/- | 200/- |
| 15 | അനിൽ കുമാർ എം., 253/2019-20 | 118040110305, 26.02.2019 | 5,00,000/- | 200/- | 500/- | 300/- |
| 16 | അബ്ദുൾ സത്താർ, 255/2019-20 | 118040110245, 26.02.2019 | 3,00,000/- | 200/- | 400/- | 200/- |
| 17 | വത്സൻ കെ. കെ., 303/2019-20 | 118040110858, 11.03.2019 | 2,00,000/- | 200/- | 300/- | 100/- |
| 18 | മുഹമ്മദ് ഹിജാസ് കെ. എ., 348/2019-20 | 118040111396, 20.03.2019 | 2,50,000/- | 300/- | 400/- | 100/- |
| | | | ആകെ | | | 4,100/- |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ചവരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 11/17.08.2021)

<u>1-14 പെൺകുട്ടികൾക്ക് തെയ് കോൺഡോ പരിശീലനം പദ്ധതി</u>

പ്രൊജക്ട് നം.06/20

അടങ്കൽ - 125000/-രൂപ (പ്ലാൻ ജനറൽ) - ചെലവ് - 21700/- രൂപ

ബിൽ നമ്പർ - 25/2019-20/19.3.2020

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ പെൺകുട്ടികൾക്ക് തെയ് കോൺഡോ പരിശീലനം നൽകാനാണ് ഈ പദ്ധതി രൂപീകരിച്ചത്. ആകെ 50 കുട്ടികൾക്ക് പരിശീലനം നൽകാനാണ് പദ്ധതി. വിവിധ സ്കൂളുകളിൽ പഠിക്കുന്ന ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ഈ പദ്ധതിക്കായി 50 കുട്ടികൾക്കുള്ള യൂണിഫോം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. കീർത്തി യൂണിഫോംസ് & മാച്ചിംഗ് സെന്റർ, പയ്യന്നൂർ എന്ന സ്ഥാപനത്തിനാണ് വിതരണം ചെയ്യാൻ തെരെഞ്ഞെടുത്തത്. ആകെ 50 യൂണിഫോം വിതരണം ചെയ്തതിന് ഇൻവോയ്സ് നം.965/16.3.2020 പ്രകാരം 21700/- രൂപയാണ് നൽകേണ്ടത്. ബിൽ നമ്പർ - 25/2019-20/19.3.2020 പ്രകാരം തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി (അക്കൗണ്ട് നം.474509847596397 – തമിഴ് നാട് മെർക്കന്റൈൽ ബാങ്ക്, പയ്യന്നൂർ).

ഹാജരാക്കിയ രേഖകൾ പ്രകാരം തെയ് കോൺഡോ പരിശീലനം നൽകിയിരിക്കുന്നത് 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. പക്ഷെ യൂണിഫോം വാങ്ങിയതും, വിതരണം ചെയ്തതും ബിൽ പ്രകാരം 16.3.2020 ൽ അതായത് പരിശീലനം കഴിഞ്ഞ് 15 ദിവസത്തിന് ശേഷമാണ്. പെൺകുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾ നേരിടേണ്ടി വന്നാൽ പ്രതിരോധിക്കാനാണ് ഈ ആയോധനകല പഠിപ്പിക്കുന്നത്. തെയ് കോൺഡോ പരിശീലനം നടത്തുമ്പോൾ ധരിക്കേണ്ടതാണ് യൂണിഫോം, അല്ലാതെ ഇത് ധരിക്കേണ്ട അവസരം വരുന്നില്ല. ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കേരളാ സാമൂഹിക സുരക്ഷാമിഷന് വിഹിതം നൽകൽ പദ്ധതി

പ്രൊജക്ട് നം.05/20

അടങ്കൽ - 500000/-രൂപ (പ്ലാൻ ജനറൽ)

ചെലവ് - 500000/- രൂപ

ബിൽ നമ്പർ - 06/2019-20/22.8.2019

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി കേരളാ സാമൂഹിക സുരക്ഷാമിഷന് ആകെ 500000/- രൂപ നൽകിയിട്ടുണ്ട്. ബിൽ നമ്പർ - 06 / 2019-20 / 22.8.2019 പ്രകാരം തുക സ്ഥാപനത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തത് ( ട്രഷറി അക്കൗണ്ട് നം. 701011400000134). ഈ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 വരൾച്ചാ ദുരിതാശ്വാസം-കുടിവെള്ള വിതരണം നടത്തിയത്

വൗച്ചർ നം.21900180/27.6.2019 -1,00,000/-രൂപ

വൗച്ചർ നം.21900858/13.3.2020 -4,39,500/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിൽ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ 2019-20 വർഷത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് 15.3.2019 ന് ക്വട്ടേഷൻ ക്ഷണിക്കുകയും നിരവധി ക്വട്ടേഷൻ ലഭിക്കുകയും ചെയ്തു. ലഭിച്ച ക്വട്ടേഷനുകളിൽ തുക ക്വാട്ട് ചെയ്തത് അധികമായതിനാൽ 1.4.2019 ന് പുനർ ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ.കെ.വി.ബാലകൃഷ്ണൻ, ബേവൂരി, ഉദുമ എന്നവരുടെ ക്വട്ടേഷൻ ലിറ്ററിന് 0.45 രൂപ നിരക്കിലുള്ളത് അംഗീകരിക്കുകയും ചെയ്തു ( തീരുമാനം നം. 2(1)/തിയ്യതി 29.4.2019). 29.4.2019 തിയ്യതിയിലെ കത്ത് നം.എസ്.സി.1-1873/18 പ്രകാരം ശ്രീ.കെ.വി ബാലകൃഷ്ണന് വർക്ക് ഓർഡർ നൽകി. 3 ദിവസത്തിനകം എഗ്രിമെന്റ് വെക്കാനും കുടിവെള്ള വിതരണം ആരംഭിക്കാനുമാണ് വർക്ക് ഓർഡറിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഫയൽ പ്രകാരം 19.4.2019 മുതൽ 18.5.2019 വരെ 82 ട്രിപ്പുകൾ പോയിട്ടുണ്ട്. ആയതിനാൽ 45 പൈസ പ്രകാരം ആകെ 129150/- രൂപ അനുവദിക്കണമെന്നും പക്ഷെ പാർട്ട് ബില്ലായി 100000/- രൂപ അനുവദിക്കാമെന്ന് സെക്ഷൻ ക്ലാർക്ക് സമർപ്പിച്ചത് പ്രകാരം സെക്രട്ടറി 21.6.2019 ന് അംഗീകാരം നൽകിയിട്ടുണ്ട്. അത് പ്രകാരം 1,00,000/- രൂപ വൗച്ചർ

നം.21900180/27.6.2019 പ്രകാരം ശ്രീ.കെ.വി ബാലകൃഷ്ണന് നൽകി. ചെക്ക് നം. 24975/27.6.2019. 21.6.2019 ന് കുടിവെള്ള വിതരണം പൂർത്തീകരിച്ചതായും 19.4.2019 മുതൽ 11.6.2019 വരെ ആകെ 1211000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് 45 പൈസ പ്രകാരം ആകെ 544950/- രൂപ ആയിട്ടുണ്ടെന്നും അതിൽ 100000/- രൂപ മുൻകൂർ കിഴിച്ച് ബാക്കി 444950 രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടത് എന്നതിനാൽ തുക നൽകുന്നതിന് സെക്രട്ടറി ഒബ്ജക്ഷൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ടിയാൻ ബഹു.ഹൈക്കോടതിയിൽ WP(C) No.1946/2020(P) പ്രകാരം കേസ് ഫയൽ ചെയ്യുകയും ഈ കേസിൽ 25.2.2020 ൽ ഒരു മാസത്തിനുള്ളിൽ തുക നൽകണമെന്ന് ടിയാന് അനുകൂലമായി വിധി വരികയും ചെയ്തു. ഗ്രാമപഞ്ചായത്ത് തീരുമാനം നം.3/2020-തിയ്യതി 4.3.2020 പ്രകാരം ബാക്കി തുക നൽകാൻ തീരുമാനിക്കുകയും ചെയ്തു. ആകെ 5,44,950/- രൂപയിൽ 1,00,000/-രൂപ മുൻകൂർ, ആദായനികുതി 5450/-രൂപ എന്നിവ കിഴിച്ച് ബാക്കി 4,39,500/- രൂപ വൗച്ചർ നം. 21900858 / 13.3.2020 പ്രകാരം നൽകി. (ചെക്ക് നം.30230 / 13.3.2020, 30231 / 13.3.2020 – 3,90,455 + 49,045). ഈ കേസ് നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് നിയമിച്ച അഡ്വക്കറ്റ് അരുൺകുമാറിന് ഈയിനത്തിൽ 15000/- രൂപ നൽകിയിട്ടുണ്ട്.

ബഹു. തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പിന്റെ ഉത്തരവ് നമ്പർ 500 / 2019 / തിയ്യതി 2.3.2019 പ്രകാരം ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടത്. 19.3.2019 ലെ പഞ്ചായത്ത് ഡെ.ഡയറക്ടറുടെ കത്ത് നം. DDP-KSD/7152/2018-SC-8 പ്രകാരം അത്തരം വാഹനം ലഭ്യമല്ലെങ്കിൽ ജി.പി.എസ്. വിലയ്ക്ക് വാങ്ങി വാഹനത്തിൽ ഘടിപ്പിക്കാൻ നിർദ്ദേശം ഉണ്ട്. എന്നാൽ കുടിവെള്ളം വിതരണം ചെയ്ത KL-14 -B -2603, KL-60 – P – 7697, KL -13 – S – 8734 എന്നീ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് ജി.പി.എസ്. വാങ്ങി ഘടിപ്പിച്ചിട്ടുമില്ല. കൃഷ്ണൻ എന്ന ജീവനക്കാരനെയാണ് കുടിവെള്ള വിതരണം മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് ജി.പി.എസ്. വാങ്ങി ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ഭാവിയിലും കുടിവെള്ളവിതരണത്തിന് ഉപയോഗിക്കാമായിരുന്നു, അതുപോലെ കോടതി നടപടികൾക്ക് അടക്കമുള്ള അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1) കുടിവെള്ള വിതരണം നടത്തിയതിന് ശ്രീ.കെ.വി ബാലകൃഷ്ണൻ തയ്യാറാക്കി സമർപ്പിച്ച ട്രിപ്പ് ഷീറ്റ് ചുമതലപ്പെടുത്തിയ ജീവനക്കാരനോ സെക്രട്ടറിയോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) 29.4.2019 നാണ് സെക്രട്ടറി വർക്ക് ഓർഡർ നൽകിയിരിക്കുന്നത്. പക്ഷെ, 19.4.2019 മുതൽ കുടിവെള്ള വിതരണം നടത്തിയതായി സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട്. അതടക്കമാണ് തുക നൽകിയിട്ടുള്ളത്.

3) കരാർ ഒപ്പ് വെക്കാൻ വർക്ക് ഓർഡറിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും 100 രൂപയുടെ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്. കൃത്യമായ കരാർ വയ്ക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4) ആദായനികുതി 5450/- രൂപ ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13-16.08.2021 പ്രകാരം ഇക്കാര്യങ്ങൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 539500/-രൂപ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-17 നെൽകൃഷി വികസന പദ്ധതി- ഫീൽഡ് പരിശോധനാറിപ്പോർട്ട് സൂക്ഷിക്കുന്നില്ല.**

2019-20 വർഷം കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി (പ്രോജക്ട് നമ്പർ S024/19-20) പ്രകാരം 10,10,800/- രൂപ വിവിധ ഫണ്ടുകളിൽ നിന്നും (വികസനഫണ്ട് 5,85,800/- രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 4,25,000/- രൂപ) അനുവദിച്ചിട്ടുണ്ട്. ഇതിൽ 8,50,000/- രൂപയും കൂലിച്ചെലവിനത്തിൽ അനുവദിച്ചതാണ്. പദ്ധതി നടത്തിപ്പുമായി

ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ G.O. (MS) 22 / 2018 ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെച്ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

I) സബ്സിഡി മാർഗരേഖയിലെ മാർഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവഹണോദ്യോഗസ്ഥന്റെ പരിശോധനാസാക്ഷ്യപത്രം അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

II) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

III) നടീൽ, കൊയ്ത്ത്, വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ MGNREGS യുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദേശം പാലിച്ചുകാണുന്നില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗരേഖാനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - സീനിയർ വെറ്റിനറി സർജൻ
പ്രൊജക്ട് നമ്പർ So 210/2020 (ABC പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് നൽകൽ) നടപ്പാക്കുന്നതിന് വികസനഫണ്ട് 1,00,000/- രൂപ വകയിരുത്തിയിരുന്നു. ഈ തുക ബിൽ നമ്പർ P 9/19-20 തീയതി 27-02-2020 പ്രകാരം പിൻവലിച്ച് ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്ക് തുക വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുകയായ ഒരു ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഇക്കാര്യത്തിൽ 12-08-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.)

## 1-19 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി വാഹന വാടക - അംഗീകരിച്ചതിലും അധിക നിരക്ക് അനുവദിച്ചു നഷ്ടം.

| | |
|---|---|
| പ്രോജക്ട് നം. | 91/20 |
| പ്രോജക്ടിന്റെപേര് | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ഉദുമ |
| അടങ്കൽ | 7,50,000/- രൂപ (വികസന ഫണ്ട്- ജനറൽ) |
| ചെലവ് തുക | 5,17,780/-രൂപ |
| ബിൽ നമ്പർ, തീയ്യതി | നം. 03 / 2019 -20 തീയ്യതി 08.08.2019, നം. 08 / 2019 -20 തീയ്യതി 23.10.2019, നം. 20 / 2019 -20 തീയ്യതി 23.01.2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവഹണത്തിനായി വികസന ഫണ്ടിൽ നിന്നും 5,17,780/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭവനങ്ങളിലേക്ക് സന്ദർശനത്തിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 22.03.2019 തീയ്യതിയിലെ 103/2019 നം. പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും പ്രതിദിന

